**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **01-09-2022 - ൽ മറുപടിയ്ക്ക്**

**സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011-ലെ സി.ആർ.ഇസഡ്. നിയമത്തിൽ ഇളവുകൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011 ലെ CRZ വിജ്ഞാപനത്തിൽ കായൽ തുരുത്തുകൾക്കും ഉൾനാടൻ ജലാശയങ്ങളിലുള്ള ദ്വീപുകൾക്കും വികസന നിരോധിത മേഖലയുടെ പരിധി 100 ൽ നിന്നും 50 മീറ്ററായി ചുരുക്കി ഇളവ് നൽകിയിട്ടുണ്ട്.<br><br>18.09.2019 ലെ GSR നമ്പർ 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി CRZ വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്. 2019 CRZ വിജ്ഞാപനത്തിലെ പ്രധാനപ്പെട്ട ഭേദഗതികൾ ചുവടെ ചേർക്കുന്നു.<br><br>1. 2011 CRZ വിജ്ഞാപനത്തിൽ CRZ II ൽ ഉൾപ്പെടുന്ന നഗര പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 1991 ലെ FAR തലത്തിലാണ് നിജപ്പെടുത്തിയിരുന്നത്. 2019 വിജ്ഞാപനത്തിൽ ആയത് നിലവിലുള്ള അംഗീകൃത FAR ആയി ഭേദഗതി ചെയ്തിട്ടുണ്ട്.<br><br>2. 2011 CRZ വിജ്ഞാപനത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III ലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2019 ലെ CRZ വിജ്ഞാപന പ്രകാരം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.<br><br>• <u>CRZ III A</u>- 2011 ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോ മീറ്ററിൽ 2161 ൽ കൂടുതൽ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽ വികസന |

| | | | |
|---|---|---|---|
| | | | നിഷിദ്ധ മേഖല HTL- ൽ നിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്റർ ആയി നിജപ്പെടുത്തി.<br>• CRZ III B – 2011 ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോ മീറ്ററിൽ 2161 ൽ താഴെ ജനസംഖ്യയുള്ള ഗ്രാമപ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളത് പോലെ HTL ൽ നിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും.<br><br>3. 2011 ലെ CRZ വിജ്ഞാപനത്തിൽ എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 50 മീറ്ററായി വ്യവസ്ഥ ചെയ്തിരുന്നത് 2019 ലെ CRZ വിജ്ഞാപനത്തിൽ 20 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>2019 ലെ വിജ്ഞാപന പ്രകാരം CRZ നിയമത്തിന്റെ പരിധിയിൽ വരുന്ന ഉൾനാടൻ ജലാശയങ്ങളോട് ചേർന്നുള്ള കരഭൂമിയിൽ വികസന നിരോധിത മേഖലയുടെ പരിധി 100 മീറ്ററിൽ നിന്നും 50 മീറ്ററായി ചുരുക്കിയിട്ടുണ്ട്.<br><br>CRZ വിജ്ഞാപനം 2019 ലെ clause 6(i) പ്രകാരം ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. അതുവരെ CRZ വിജ്ഞാപനം 2011 ലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്. |
| (ബി) | ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപിന് ഈ നിയമത്തിൽ ഇളവ് നൽകി ഉത്തരവാകാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011 ലെ CRZ വിജ്ഞാപനത്തിൽ കായൽ തുരുത്തുകൾക്കും ഉൾനാടൻ ജലാശയങ്ങളിലുള്ള ദ്വീപുകൾക്കും വികന നിരോധിത മേഖലയുടെ പരിധി 100 ൽ നിന്നും 50 മീറ്ററായി ചുരുക്കി ഇളവ് നൽകിയിട്ടുണ്ട്.<br><br>18.09.2019 ലെ GSR നമ്പർ 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011 ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി CRZ വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്. 2019 CRZ വിജ്ഞാപനത്തിലെ പ്രധാനപ്പെട്ട ഭേദഗതികൾ ചുവടെ ചേർക്കുന്നു. |

1. 2011 CRZ വിജ്ഞാപനത്തിൽ CRZ II ൽ ഉൾപ്പെടുന്ന നഗര പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 1991 ലെ FAR തലത്തിലാണ് നിജപ്പെടുത്തിയിരുന്നത്. 2019 വിജ്ഞാപനത്തിൽ ആയത് നിലവിലുള്ള അംഗീകൃത FAR ആയി ഭേദഗതി ചെയ്തിട്ടുണ്ട്.

2. 2011 CRZ വിജ്ഞാപനത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III ലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2019 ലെ CRZ വിജ്ഞാപന പ്രകാരം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

- CRZ III A- 2011 ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോ മീറ്ററിൽ 2161 ൽ കൂടുതൽ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽ വികസന നിഷിദ്ധ മേഖല HTL- ൽ നിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്റർ ആയി നിജപ്പെടുത്തി.
- CRZ III B – 2011 ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോ മീറ്ററിൽ 2161 ൽ താഴെ ജനസംഖ്യയുള്ള ഗ്രാമപ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളത് പോലെ HTL ൽ നിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും.

3. 2011 ലെ CRZ വിജ്ഞാപനത്തിൽ എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 50 മീറ്ററായി വ്യവസ്ഥ ചെയ്തിരുന്നത് 2019 ലെ CRZ വിജ്ഞാപനത്തിൽ 20 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

2019 ലെ വിജ്ഞാപന പ്രകാരം CRZ നിയമത്തിന്റെ പരിധിയിൽ വരുന്ന ഉൾനാടൻ ജലാശയങ്ങളോട് ചേർന്നുള്ള കരഭൂമിയിൽ വികസന നിരോധിത മേഖലയുടെ പരിധി 100 മീറ്ററിൽ നിന്നും 50 മീറ്ററായി ചുരുക്കിയിട്ടുണ്ട്.

CRZ വിജ്ഞാപനം 2019 ലെ clause 6(i) പ്രകാരം ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.

| | | | |
|---|---|---|---|
| | | | അതുവരെ CRZ വിജ്ഞാപനം 2011 ലെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ